LIBRARY ARCHIVES Kerala Legislative Assembly

സൈബർ പാർക്കിനായി നീക്കിവെച്ച ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

124(393) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലൂപാറയിൽ സൈബർ പാർക്കിനായി നീക്കിവച്ച ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

എരമത്തെ സ്ഥലത്തിന്റെ വില ഐ.ടി. പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്കുവാങ്ങി വ്യവസായ പാർക്കുണ്ടാക്കുന്നത് പ്രായോഗികമല്ലെന്ന് ഐ.ടി. വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിലനിർണ്ണയം സംബന്ധിച്ച വിഷയം ഐ.ടി. വകുപ്പിന്റെ പരിഗണനയിലാണ്.

കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതി

125(394) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ M/s.Voyants Consultants-നെ ചുമതലപ്പെടുത്തുകയും അവർ project report-ഉം master plan-ഉം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. M/s.BPCL പ്രസ്തുത പാർക്കിലെ Anchor Investor ആണ്. 170 ഏക്കർ ഭൂമി BPCL-ന്റെ വികസനത്തിനായി കിൻഫ്ര അലോട്ട് ചെയ്തുകഴിഞ്ഞു. പ്രസ്തുത പാർക്കിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ഫെബ്രുവരി 9-ാം തീയതി നിർവ്വഹിച്ചു. തദവസരത്തിൽ പ്രസ്തുത പാർക്കിൽ 45 ഏക്കർ ഭൂമി 16 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് Letter of Intimation നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.